**കേരള സർക്കാർ**

നം.7284/ഡി.ബി.1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്**

തിരുവനന്തപുരം, തീയതി: 02.02.2009

**സർക്കുലർ**

വിഷയം:- പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം – 2008–09 പദ്ധതികൾ – വിശദീകരണം സംബന്ധിച്ച്

സൂചന:- 01.01.2009–ലെ 192/ഡി.ബി.1/2009/തസ്വഭവ നമ്പർ സർക്കുലർ

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് സൂചന പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പുവർഷം (2008–09) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള വിഹിതം ഭൂരഹിതർക്ക് വീട് വയ്ക്കുവാൻ സ്ഥലം അനുവദിക്കുന്നതിനായി വിനിയോഗിക്കുന്നതിന് മുൻഗണന നൽകണമെന്നും അതിന് കഴിയുകയില്ലെങ്കിൽ ഭവന നിർമ്മാണ പ്രോജക്ടിന് മുൻവർഷം തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനായി വിനിയോഗിക്കാവുന്ന താണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചിത മാർഗനിർദ്ദേശങ്ങൾ പ്രകാരം കണ്ടെത്തുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നതിനാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പതിവ് രീതിയിൽ ഭവന രഹിതരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് 2008–09 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം വിനിയോഗിക്കുന്നതിന് സർക്കാർ ചുവടെ പ്രതിപാദിക്കുന്ന വിശദീകരണങ്ങൾ നൽകുന്നു.

2008–09 വാർഷിക പദ്ധതിയിൽ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി എന്ന പേരിലോ അല്ലാതെയോ ഏറ്റെടുത്തിട്ടുള്ള എല്ലാ ഭവന നിർമ്മാണ പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച രീതിയിൽ നടപ്പാക്കാവുന്നതാണ്. മുൻവർഷം തയ്യാറാക്കിയ ലിസ്റ്റിൽ ഗുണഭോക്താക്കൾ അവശേഷിക്കുന്നില്ലെങ്കിൽ അംഗീകരിക്കപ്പെട്ട പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിനുള്ള ഗുണഭോക്താക്കളെ, വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രസ്തുത പ്രോജക്ട് നടപ്പാക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ഭവന പദ്ധതികൾ ആവശ്യമെങ്കിൽ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ 01.01.2009–ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുനഃക്രമീകരിക്കാവുന്നതാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9 പഞ്ചായത്ത് ഡയറക്ടർ
10 ഗ്രാമവികസന കമ്മീഷണർ
11 നഗരകാര്യ ഡയറക്ടർ
12 മുഖ്യ നഗരാസൂത്രകൻ
13 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
19 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
24 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
29 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
30 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ